**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6451** **20-03-2023 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ വി.സി.ബി. നിർമ്മാണവും തോടിന്റെ സൈഡ് കെട്ടലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ കോതത്തോട്- പങ്ങാടിച്ചിറ തോടിന്റെ സൈഡ് കെട്ടൽ, പൊന്മള പഞ്ചായത്തിലെ പെരിങ്ങൽച്ചിറ വി.സി.ബി. നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ കോതത്തോട്- പങ്ങാട് ചിറ തോടിന്റെ സൈഡ് കെട്ടൽ നിർമ്മാണവുമായി ബന്ധപ്പെട്ട് “FD-Urgent side protection on the upstream of Pangad chira VCB across Kothathodu in Valanchery Municipality”എന്ന പേരിൽ 25.60 ലക്ഷം രൂപ തുക വരുന്ന പ്രവൃത്തി PRICE മുഖാന്തിരം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യ മായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള പഞ്ചായത്തിലെ പെരിങ്ങൽചിറ വി.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് “Construction of Peringalchira VCB in Ponmala Grama Panchayath” എന്ന പേരിൽ 45.00 ലക്ഷം രൂപയുടെ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി ഇപ്പോൾ കരാറിലേർപ്പെട്ട് പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (ബി) | കോതത്തോട്- പങ്ങാടിച്ചിറ തോടിന്റെ സൈഡ് കെട്ടുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ കോതത്തോട്- പങ്ങാട് ചിറ തോടിന്റെ സൈഡ് കെട്ടൽ നിർമ്മാണവുമായി ബന്ധപ്പെട്ട് “FD-Urgent side protection on the upstream of Pangad chira VCB across Kothathodu in Valanchery Municipality”എന്ന പേരിൽ 25.60 ലക്ഷം രൂപ തുക വരുന്ന പ്രവൃത്തി PRICE മുഖാന്തിരം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യ മായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള പഞ്ചായത്തിലെ പെരിങ്ങൽചിറ വി.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് “Construction of Peringalchira VCB in Ponmala Grama Panchayath” എന്ന പേരിൽ 45.00 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയുടെ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി ഇപ്പോൾ കരാറിലേർപ്പെട്ട് പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |
| (സി) | പെരിങ്ങൽച്ചിറ വി.സി.ബി. നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (സി) | പെരിങ്ങൽചിറ വി.സി.ബി. നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ